## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹനമിടാത്ത ചോദ്യം നം. 2157 — 18.06.2013 ലെ മറുപടിയ്ക്ക്

### ബീഡിയിൽ നിന്നും സിഗരറ്റിൽ നിന്നുമുള്ള നികുതി വരുമാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. എസ്. സുനിൽകുമാർ<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. പി. തിലോത്തമൻ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രതിവർഷം എത്ര രൂപയുടെ ബീഡിയും സിഗരറ്റുകളുമാണ് വിറ്റഴിക്കപ്പെടുന്നത്; ഓരോന്നിന്റെയും കണക്കുകൾ പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ; ഓരോ ഇനത്തിലും പ്രതിവർഷം ശരാശരി ലഭിക്കുന്ന നികുതി വരുമാനം എത്രയാണെന്ന് വെളിപ്പെടുത്തുമോ; | (എ) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | ബീഡിക്കും സിഗരറ്റിനും കേരളത്തിലും അയൽ സംസ്ഥാനങ്ങളിലുമുള്ള നികുതി നിരക്കുകൾ തമ്മിൽ താരതമ്യം ചെയ്യുമോ; അയൽ സംസ്ഥാനങ്ങളുമായി നികുതി ഘടനയിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ; ഉണ്ടെങ്കിൽ ആയത് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | ബീഡി കേരളത്തിൽ നികുതി വിമുക്തമാണ്. സിഗരറ്റിന് കേരളത്തിൽ വാറ്റുനികുതി നിരക്ക് 20% ആണ്. ഇത് അയൽ സംസ്ഥാനമായ തമിഴ് നാട്ടിൽ 20% ഉം, കർണാടകത്തിൽ 17% ഉം ആണ്. കേരളത്തിൽ സിഗരറ്റിൽ MRP-യിൽ ആദ്യ വിൽപനക്കാരന് നികുതി അടയ്ക്കുവാനുള്ള കോമ്പൗണ്ടിങ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. അത് നിർബന്ധ മല്ല. ഇത് ഒഴിവാക്കി, ആദ്യ വിൽപനവിലയിൽ മാത്രമായി നികുതി നിജപ്പെടുത്തണമെന്ന ആവശ്യ സിഗരറ്റ് വ്യാപാരികൾ ഉന്നയിച്ചിട്ടുണ്ട്. ചില സംസ്ഥാനങ്ങളിൽ അത്തരം നികുതിയുള്ളതായി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എന്നാൽ അത് മൂല്യ വർദ്ധിത നികുതി നിയമത്തിന്റെ അന്തസത്തയ്ക്ക് എതിരായതിനാൽ പരിഗണനാർഹമല്ല. |
| (സി) | ബീഡിയുടെയും സിഗരറ്റിന്റെയും കള്ളക്കടത്ത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമൂലം പ്രതിവർഷം ശരാശരി നികുതി വരുമാനത്തിലുള്ള കുറവ് എത്ര; ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ.